# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1795 17.12.2012-ൽ മറുപടിയ്ക്ക്

## സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്ക്

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ എം.എൽ.എ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>( മുഖ്യമന്ത്രി) |
|---|---|
| (എ) സംസ്ഥാന ജീവനക്കാരും അധ്യാപകരും 2013 ജനുവരി 8-ാം തീയതി മുതൽ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ചിട്ടുള്ളകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; |
| (ബി) "സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംരക്ഷിക്കുക" തുടങ്ങിയ ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച് പണിമുടക്ക് ഒത്തു തീർപ്പാക്കുന്നതിന് ശ്രമിക്കുമോ; | (ബി) യും (സി) യും പെൻഷനും അനുബന്ധ ആവശ്യങ്ങൾക്കുമായുള്ള ചെലവുകൾ 2001-02 വർഷത്തെ അപേക്ഷിച്ച് 2012-13 വർഷത്തിൽ നാലിരട്ടിയിലധികം വർദ്ധിച്ച സാഹചര്യത്തിലും ഈ നിലയിൽ മുന്നോട്ട് പോയാൽ സംസ്ഥാന സർക്കാരിന് പെൻഷൻ ബാധ്യത നിറവേറ്റാൻ കഴിയാതെ വരാൻ സാധ്യതയുള്ള സാഹചര്യത്തിലും കേന്ദ്ര ഗവൺമെന്റും രണ്ടു സംസ്ഥാനങ്ങൾ ഒഴികെയുള്ള മറ്റെല്ലാ സംസ്ഥാനങ്ങളും പങ്കാളിത്ത പെൻഷൻ നടപ്പിലാക്കി കഴിഞ്ഞ സാഹചര്യത്തിലുമാണ് 01.04.2013 മുതൽ നിയമിക്കപ്പെടുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രി ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് ആശങ്കകൾ ദുരീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇനിയും സംശയങ്ങളും |

(സി) സംസ്ഥാനത്തെ പ്രബലമായ സർവ്വീസ് സംഘടനകൾ ഏറെയും പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിൽ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

ആശങ്കകളും ഉണ്ടെങ്കിൽ അത് ഇല്ലാതെ ആക്കുവാൻ ഗവൺമെന്റ് തുടർന്നും ശ്രമിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ